**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2355** **27-02-2023 - ൽ മറുപടിയ്ക്ക്**

**ഡെപ്യൂട്ടേഷനിൽ പോയ ജീവനക്കാരുടെ മെഡിസെപ്പ് തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എൽ.എസ്.ജി.ഡി, യൂണിവേഴ്സിറ്റികൾ എന്നിവയിൽ നിന്നും ഡെപ്യൂട്ടേഷനിൽ പോയിട്ടുള്ള ജീവനക്കാരുടെ മെഡിസെപ്പ് തുക ശമ്പളത്തിൽ നിന്നും പിടിക്കാതിരിക്കുന്നുണ്ടോ; എങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ; | (എ) | ഇല്ല. ഡെപ്യൂട്ടേഷനിൽ സേവനം അനുഷ്ഠിക്കുന്ന സർക്കാർ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം ഈടാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 24.06.2022-ലെ സ.ഉ.(പി) 71/2022/ധന പ്രകാരം നൽകിയിരുന്നു. കൂടാതെ ഡെപ്യൂട്ടേഷനിൽ പോയ സർക്കാർ ജീവനക്കാരുടെ PF, SLI, GIS, MEDISEP, GPAIS പോലുള്ള കിഴിവുകൾ ഓൺലൈൻ വഴി അടയ്ക്കുവാൻ ഇ-ട്രഷറിയിൽ ഒരു പുതിയ മോഡ്യൂൾ 18.10.2022ലെ സ ഉ (പി) നം. 128/2022/ധന പ്രകാരം ചേർത്തിട്ടുണ്ട്. സർക്കാർ ജീവനക്കാരിൽ മുനിസിപ്പൽ കോർപ്പറേഷൻ, പഞ്ചായത്ത്, വിവിധ യൂണിവേഴ്സിറ്റികൾ എന്നിവയിൽ നിന്നും ഡെപ്യൂട്ടേഷനിൽ പോയ പെൻ നമ്പർ ലഭിക്കാത്ത ടെൻ നമ്പർ ലഭിച്ച ജീവനക്കാർക്ക് മെഡിസെപ് പ്രീമിയം തുക മേൽപ്പറഞ്ഞ രീതിയിൽ ഇ-ട്രഷറി വഴി ഡിഡിഒ അടയ്ക്കേണ്ടതും അക്കൗണ്ടിംഗ് ക്രമീകരണത്തിനായി ഈ വിവരം മാതൃ വകുപ്പിലെ ഡിഡിഒ യെ യഥാസമയം അറിയിക്കേണ്ടതുമാണ്. |
| (ബി) | ഇപ്രകാരം ഡെപ്യൂട്ടേഷനിൽ സേവനം അനുഷ്ഠിക്കുന്ന എം.എൽ.എ മാരുടെ പി.എ. മാരിൽ സർക്കാർ ജീവനക്കാരായിട്ടുള്ള പി.എ. മാർ ഉൾപ്പെടെയുള്ളവരുടെ മെഡിസെപ് പ്രീമിയം ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | ഇല്ല. ഡെപ്യൂട്ടേഷനിൽ സേവനം അനുഷ്ഠിക്കുന്ന സർക്കാർ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം ഈടാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 24.06.2022-ലെ സ.ഉ.(പി) 71/2022/ധന പ്രകാരം നൽകിയിരുന്നു. കൂടാതെ ഡെപ്യൂട്ടേഷനിൽ പോയ സർക്കാർ ജീവനക്കാരുടെ PF, SLI, GIS, MEDISEP, GPAIS പോലുള്ള കിഴിവുകൾ ഓൺലൈൻ വഴി അടയ്ക്കുവാൻ ഇ-ട്രഷറിയിൽ ഒരു പുതിയ മോഡ്യൂൾ 18.10.2022ലെ സ ഉ (പി) നം. 128/2022/ധന പ്രകാരം ചേർത്തിട്ടുണ്ട്. സർക്കാർ ജീവനക്കാരിൽ മുനിസിപ്പൽ കോർപ്പറേഷൻ, പഞ്ചായത്ത്, വിവിധ യൂണിവേഴ്സിറ്റികൾ എന്നിവയിൽ നിന്നും ഡെപ്യൂട്ടേഷനിൽ പോയ പെൻ നമ്പർ ലഭിക്കാത്ത ടെൻ നമ്പർ ലഭിച്ച ജീവനക്കാർക്ക് മെഡിസെപ് പ്രീമിയം തുക മേൽപ്പറഞ്ഞ രീതിയിൽ ഇ-ട്രഷറി വഴി |

| | | | |
|---|---|---|---|
| | | | ഡിഡിഒ അടയ്ക്കേണ്ടതും അക്കൗണ്ടിംഗ് ക്രമീകരണത്തിനായി ഈ വിവരം മാതൃ വകുപ്പിലെ ഡിഡിഒ യെ യഥാസമയം അറിയിക്കേണ്ടതുമാണ്. |
| (സി) | മുൻസിപ്പൽ കോർപ്പറേഷൻ, ഗ്രാമ പഞ്ചായത്ത്, വിവിധ യൂണിവേഴ്സിറ്റികൾ എന്നിവയിൽ നിന്നും ഡെപ്യൂട്ടേഷനിൽ പോയിട്ടുള്ള ജീവനക്കാർക്ക് സ്പാർക്ക് പെൻ നമ്പർ ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (സി) | മുനിസിപ്പൽ കോർപ്പറേഷൻ, ഗ്രാമപഞ്ചായത്ത്, യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവർക്ക് മാതൃവകുപ്പുകളിൽ സ്പാർക്ക് പെൻ നമ്പർ നൽകിയിട്ടില്ലാത്തതിനാൽ ടി ജീവനക്കാർ ഡെപ്യൂട്ടേഷനിൽ പോകുമ്പോൾ സ്പാർക്ക് ഉള്ള ഓഫീസുകളിൽ TENനമ്പർ ലഭ്യമാക്കുന്നുണ്ട്. |
| (ഡി) | ഈ വിഭാഗം ജീവനക്കാരുടെ മെഡിസെപ്പ് തുക പിടിക്കുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | ഡെപ്യൂട്ടേഷനിൽ പോയ പെൻ നമ്പർ ലഭിക്കാത്ത ടെൻ നമ്പർ ലഭിച്ച ജീവനക്കാരുടെ PF, SLI, GIS, MEDISEP, GPAIS പോലുള്ള കിഴിവുകൾ ഓൺലൈൻ വഴി അടയ്ക്കുവാൻ ഇ-ട്രഷറിയിൽ ഒരു പുതിയ മോഡ്യൂൾ 18.10.2022ലെ സ ഉ (പി) നം. 128/2022/ധന പ്രകാരം ചേർത്തിട്ടുണ്ട്. ടി വിഭാഗം ജീവനക്കാരുടെ മെഡിസെപ് പ്രീമിയം തുക ഇ-ട്രഷറി വഴി ഡിഡിഒ അടയ്ക്കേണ്ടതും അക്കൗണ്ടിംഗ് ക്രമീകരണത്തിനായി ഈ വിവരം മാതൃ വകുപ്പിലെ ഡിഡിഒ യെ യഥാസമയം അറിയിക്കേണ്ടതുമാണ്. |

സെക്ഷൻ ഓഫീസർ